035362

# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആംബുലൻസ് വാൻ വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ ധനസഹായ പദ്ധതിയിലെ ചട്ടത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം. 89/2015/സഹ    തീയതി, തിരുവനന്തപുരം, 21.07.2015**

---

പരാമർശം:- 1. 08.03.1982 ലെ സ.ഉ (സാധാ) നം. 64/1982/എ.ഡി നമ്പർ ഉത്തരവ്
2. 20.06.2000 ലെ സ.ഉ (കൈ) നം. 96/2000/സഹ നമ്പർ ഉത്തരവ്
3. 31.03.2012 ലെ സ.ഉ(കൈ) നം. 43/2012/സഹ നമ്പർ ഉത്തരവ്
4. 04.09.2013, 18.10.2013, 03.02.2014, 28.04.2014, 30.05.2014, 21.10.2014 എന്നീ തീയതികളിലെ സഹകരണ സംഘം രജിസ്ട്രാറുടെ എം.റ്റി (1) 38911/2013 നമ്പർ കത്തുകൾ
5. 16.11.2013 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആംബുലൻസ് വാൻ വാങ്ങുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ അംഗീകരിക്കുകയും, പരാമർശം (2) ലെയും പരാമർശം (3) ലെയും ഉത്തരവ് പ്രകാരം പ്രസ്തുത നിയമത്തിൽ ഭേദഗതികൾ വരുത്തിയും ഉത്തരവായിരുന്നു. പരാമർശം (4) ലെ സഹകരണ സംഘം രജിസ്ട്രാറുടെ കത്തുകൾ പ്രകാരം, ആംബുലൻസ് വാനുകൾ 7 വർഷം കഴിയുമ്പോൾ തേയ്മാനം സംഭവിച്ച് ഉപയോഗ ശൂന്യമാകുന്നതിനാൽ എല്ലാ ആശുപത്രി സഹകരണ സംഘങ്ങൾക്കും സർക്കാർ പദ്ധതി പ്രകാരം അനുവദിച്ച് നൽകുന്ന സബ്സിഡി തുക ഏഴ് വർഷത്തിൽ ഒരിക്കൽ നൽകണമെന്ന് വ്യവസ്ഥ ചെയ്ത് ചട്ടം 2(2) ൽ ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആംബുലൻസ് വാൻ വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതിയിലെ ചട്ടം 2(2) കാലാനുസൃതമായി പരിഷ്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മേൽ

സാഹചര്യത്തിൽ, വിനിയോഗിക്കാത്ത തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ചട്ടം 2(2) താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി സർക്കാർ ഉത്തരവാകുന്നു.

| ചട്ടം | നിലവിലുള്ളത് | ഭേദഗതി വരുത്തിയത് |
|---|---|---|
| 2(2) | ജില്ലാതലത്തിലുള്ള ആശുപത്രി സൊസൈറ്റികൾക്ക് ഈ പദ്ധതിയനുസരിച്ച് രണ്ട് ആംബുലൻസ് വാനുകൾ വാങ്ങുവാനും മറ്റ് ആശുപത്രികൾക്ക് ഒരു വാൻ വാങ്ങുവാനും സഹായം നൽകേണ്ടതാണ്. | വിനിയോഗിക്കാത്ത തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ എല്ലാ ആശുപത്രി സഹകരണ സംഘങ്ങൾക്കും ഈ പദ്ധതിയനുസരിച്ച് ഏഴ് വർഷത്തിലൊരിക്കൽ ആംബുലൻസ് വാൻ വാങ്ങുന്നതിന് സഹായം നൽകാവുന്നതാണ്. |

3. മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി. ഭൂഷൺ
അഡീഷണൽ സെക്രട്ടറി

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (09.07.2015 ലെ 49702/അഗ്രി.സി1/2015/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്ലാനിംഗ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ